**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2478** **02-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ടൗണിലെ ടൂറിസം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിനോദ സഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആലപ്പുഴ ടൗണിലുള്ള ഇടക്കായലുകൾ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആയതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. |
| (ബി) | കായൽ യാത്രയ്ക്ക് ഭീഷണിയായി മാറുന്ന ആഫ്രിക്കൻ പായൽ ഉൾപ്പെടെയുള്ളവ നീക്കുന്നതിനും വിനോദ സഞ്ചാര മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുമായി ഈ മേഖലയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ; ഇതിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരളത്തിന്റെ പ്രധാന ടൂറിസം ആകർഷണങ്ങളിൽ ഒന്നായ കായൽ ടൂറിസത്തിനും കായലുകളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്കും വലിയ ഭീഷണിയായി മാറുന്ന ആഫ്രിക്കൻ പായലിൽ നിന്നും വേർതിരിക്കുന്ന നാരുകൾ ഉപയോഗിച്ച് വിവിധ മൂല്യവർദ്ധിത വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽകുകയും ഉല്പന്നങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി വിൽക്കുന്നതിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നിലവിലെ പ്രവർത്തനങ്ങളിലൂടെ ആഫ്രിക്കൻ പായൽ ഉൾപ്പെടെയുള്ളവ നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കുകയില്ല. ഇതിനായി നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ